2026
OCTOBER
27
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# യൂറോപ്പിലേക്ക് 7,000 കോടിയുടെ വെടിക്കോപ്പുകൾ വിറ്റ് ഇന്ത്യ

## പ്രതിരോധ കയറ്റുമതിയിൽ 1600% വളർച്ച

**ന്യൂദൽഹി:** റഷ്യ യുക്രൈൻ യുദ്ധത്തെ തുടർന്ന് യൂറോപ്പിൽ രൂക്ഷമായ വെടിക്കോപ്പ് ക്ഷാമം മുതലെടുത്ത്, യുദ്ധവിമാനങ്ങളോ ടാങ്കുകളോ ഇല്ലാതെ വെറും ആർട്ടിലറി ഷെല്ലുകളും സ്ഫോടകവസ്തുക്കളും മാത്രം വിറ്റ് ഇന്ത്യ നേടിയത് 1,600% അസാധാരണ കയറ്റുമതി വളർച്ച.

യുദ്ധത്തിന് മുമ്പ് വെറും 49.2 ദശലക്ഷം ഡോളറായിരുന്ന യൂറോപ്പിലേക്കുള്ള പ്രതിരോധ കയറ്റുമതി, ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ 872 ദശലക്ഷം ഡോളറിലേക്ക് (7,000 കോടിയിലധികം) കുതിച്ചുയർന്നു. കിഴക്കൻ മധ്യ യൂറോപ്പിലെ രണ്ടാമത്തെ വലിയ വിതരണക്കാരായി ഇന്ത്യ മാറി. ആത്മനിർഭർ ഭാരത് ലക്ഷ്യങ്ങൾക്ക് കരുത്തുപകരുന്ന ഈ നേട്ടം ഇന്ത്യൻ പ്രതിരോധ മേഖലയ്ക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്.

ടാങ്കുകളും മിസൈലുകളുമില്ലാതെ 1600% കയറ്റുമതി വളർച്ച റഷ്യ യുക്രൈൻ യുദ്ധത്തിന് ശേഷം യൂറോപ്പിൽ ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും ആവശ്യകത വലിയ രീതിയിൽ വർധിച്ചു. ഈ സാഹചര്യമാണ് ഇന്ത്യൻ പ്രതിരോധ കമ്പനികൾക്ക് വലിയൊരു ബിസിനസ് അവസരമായി മാറിയത്.

യുദ്ധത്തിന് മുമ്പുള്ള നാല് വർഷങ്ങളെ അപേക്ഷിച്ച് യൂറോപ്പിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതിയിൽ 1600 ശതമാനത്തിലധികം വർധനയാണു രേഖപ്പെടുത്തിയിരിക്കുന്നത്.

യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് യൂറോപ്പിലേക്കുള്ള ആയുധ കയറ്റുമതി വെറും 49.2 ദശലക്ഷം ഡോളർ ആയിരുന്നു. എന്നാൽ യുദ്ധം തുടങ്ങിയതിന് ശേഷം ഇതു കുറഞ്ഞത് 872 ദശലക്ഷം ഡോളറായി അഥവാ 7,000 കോടിയിലധികം രൂപയായി കുതിച്ചുയർന്നു. ഇന്ത്യ യുദ്ധവിമാനങ്ങളോ, ടാങ്കുകളോ മിസൈലുകളോ യൂറോപ്പിലേക്ക് വിൽക്കുന്നില്ല. പകരം ആർട്ടിലറി ഷെല്ലുകൾ, മോർട്ടാർ ഷെല്ലുകൾ, സ്ഫോടക വസ്തുക്കൾ, മറ്റ് വെടിക്കോപ്പുകൾ എന്നിവയാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

ഇന്ത്യയുടെ കയറ്റുമതിയുടെ മുക്കാൽ ഭാഗവും കിഴക്കൻ, മധ്യ യൂറോപ്പിലെ 13 രാജ്യങ്ങളിലേക്കാണ്. ഈ രാജ്യങ്ങളാണ് യുക്രൈനിന് പ്രധാനമായും ആയുധങ്ങൾ വിതരണം ചെയ്യുന്നത്.

ഷെല്ലുകൾ, മോർട്ടാറുകൾ, സ്ഫോടകവസ്തുക്കൾ എന്നിവ ഈ രാജ്യങ്ങൾക്ക് നൽകുന്നതിൽ ഇന്ത്യ ഇപ്പോൾ ദക്ഷിണ കൊറിയയ്ക്ക് പിന്നിൽ ആഗോളതലത്തിൽ രണ്ടാം സ്ഥാനത്താണ്. നാല് വർഷം മുമ്പ് ഇന്ത്യ ഈ പട്ടികയിൽ 28ാം സ്ഥാനത്തായിരുന്നു.

അമേരിക്കൻ കമ്പനിയായ റെഗുലസ് ഗ്ലോബൽ വഴി യുക്രൈനിലെ സർക്കാർ കമ്പനിയായ സ്പെറ്റ്സ്ടെക്നോഎക്സ്പോർട്ടിലേക്ക് ഇന്ത്യൻ നിർമ്മിത ആയുധങ്ങൾ എത്തിയതായി യുക്രൈൻ കസ്റ്റംസ് രേഖകളും വ്യക്തമാക്കുന്നതായി റിപ്പോർട്ടുണ്ട്.

മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്തം പ്രതിരോധ കയറ്റുമതി 63% വർദ്ധിച്ച് 4 ബില്യൺ ഡോളറായി. ഈ സംഖ്യ 2023 ലെ കയറ്റുമതി ലക്ഷ്യത്തേക്കാൾ ഇരട്ടിയും, ഒരു ദശാബ്ദം മുമ്പുള്ള ലക്ഷ്യത്തിന്റെ 25 മടങ്ങുമാണ്.

മുനിഷൻസ് ഇന്ത്യ ലിമിറ്റഡ് പോലുള്ള സർക്കാർ ഉടമസ്ഥതയിലുള്ള പ്രതിരോധ കമ്പനികൾക്ക് തങ്ങളുടെ വിപണി വിദേശത്തേക്ക് വ്യാപിപ്പിക്കാനും, ബിസിനസ് വളർത്താനു ഇത് വലിയ അവസരം നൽകി.

പ്രധാനമന്ത്രിയുടെ ആത്മനിർഭർ ഭാരത് (സ്വയം പര്യാപ്ത ഇന്ത്യ) നയത്തിന് ഈ കയറ്റുമതി നേട്ടം മികച്ചൊരു ഉത്തേജനമാണ് നൽകുന്നത്.



# കെഎസ്ആർടിസിക്ക് വരുമാനക്കുതിപ്പ്; ഒറ്റദിവസം നേടിയത് 10.64 കോടി രൂപ

**തിരുവനന്തപുരം:** ശബരിമല സീസൺ അല്ലാത്ത ദിവസങ്ങളിലും വരുമാനത്തിൽ മികച്ച നേട്ടവുമായി കെഎസ്ആർടിസി. ഒക്ടോബർ 22 വ്യാഴാഴ്ച ടിക്കറ്റ് വിൽപനയിലൂടെ കോർപറേഷൻ നേടിയത് 10.64 കോടി രൂപയാണ്.

ശബരിമല സീസൺ ഒഴികെയുള്ള ദിവസങ്ങളിലെ ടിക്കറ്റ് വരുമാനത്തിൽ രണ്ടാമത്തെ വലിയ നേട്ടമാണിത്. കൂടുതൽ ബസുകൾ നിരത്തിലിറക്കിയും സംസ്ഥാനാന്തര സർവീസുകൾ പരമാവധി നടത്തിയും യാത്രക്കാരുടെ ആവശ്യകതയ്ക്ക് അനുസരിച്ച് സർവീസുകൾ ക്രമീകരിച്ചുമാണ് വരുമാനം ഉയർത്തിയത്.

പ്രിയദർശിനി സർവീസുകളുടെ വരുമാനം ഒഴിവാക്കിയാൽ മറ്റു സർവീസുകളിൽനിന്ന് മാത്രം 7.33 കോടി രൂപ ലഭിച്ചു. സാധാരണയായി ഈ സർവീസുകളിൽനിന്നുള്ള ശരാശരി വരുമാനം 5.77 കോടി രൂപയായിരുന്നു.

വാടകയ്ക്കെടുത്ത ബസുകൾ ഉൾപ്പെടെ ഉപയോഗിച്ച് സംസ്ഥാനാന്തര സർവീസുകൾ പരമാവധി നടത്തിയതും വരുമാനവർധനയ്ക്ക് സഹായകമായി. കഴിഞ്ഞവർഷം പൂജാ അവധിക്കാലത്തിനു ശേഷമുള്ള സമാന ദിവസത്തിൽ ടിക്കറ്റ് വരുമാനം 9.41 കോടി രൂപയായിരുന്നു.

ഇത്തവണ ഇതിനെക്കാൾ 1.24 കോടി രൂപയിലധികം അധിക വരുമാനം നേടാൻ കെഎസ്ആർടിസിക്കായി.

4,612 ബസുകൾ ഉപയോഗിച്ച് 16.02 ലക്ഷം കിലോമീറ്ററാണ് കോർപറേഷൻ സർവീസ് നടത്തിയത്. ഒരു കിലോമീറ്ററിന് ലഭിച്ച ശരാശരി വരുമാനം കഴിഞ്ഞവർഷത്തെ 58.80 രൂപയിൽനിന്ന് 66.44 രൂപയായി ഉയർന്നു. ഒരു ബസിൽനിന്നുള്ള ശരാശരി വരുമാനവും 20,094 രൂപയിൽനിന്ന് 23,215 രൂപയായി വർധിച്ചു. ഒറ്റദിവസം കൊണ്ട് 30.61 ലക്ഷം യാത്രക്കാരാണ് കെഎസ്ആർടിസി ബസുകളെ ആശ്രയിച്ചത്.

യാത്രക്കാരുടെ ആവശ്യകത മനസ്സിലാക്കി കൂടുതൽ സർവീസുകൾ ക്രമീകരിക്കാനും ലഭ്യമായ ബസുകൾ കാര്യക്ഷമമായി വിനിയോഗിച്ച് വരുമാനം വർധിപ്പിക്കാനുമാണ് കോർപറേഷന്റെ തീരുമാനം.

സർവീസുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തി യാത്രക്കാർക്ക് ആവശ്യമായ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനൊപ്പം വരുമാനനേട്ടം നിലനിർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കെഎസ്ആർടിസി മുന്നോട്ടുപോകുന്നത്.




# എസ്ബിഐ കാർഡിന്റെ ലാഭത്തിൽ 75% വളർച്ച; അറ്റാദായം 778 കോടി രൂപ

**ന്യൂദൽഹി:** എസ്ബിഐ കാർഡ്സ് ആൻഡ് പേയ്മെന്റ് സർവീസസിന്റെ 2026 സെപ്റ്റംബർ 30ന് അവസാനിച്ച രണ്ടാം പാദത്തിലെ അറ്റാദായം മുൻവർഷത്തെ 445 കോടി രൂപയിൽനിന്ന് 75 ശതമാനം വർധിച്ച് 778 കോടി രൂപയായി.

കമ്പനിയുടെ ആകെ വരുമാനം മൂന്ന് ശതമാനം വർധിച്ച് 5,302 കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ വരുമാനം 5,136 കോടി രൂപയായിരുന്നു. കിട്ടാക്കടത്തിനായുള്ള നീക്കിയിരിപ്പും വായ്പാ നഷ്ടവും ഉൾപ്പെടെയുള്ള ചെലവുകൾ 37 ശതമാനം കുറഞ്ഞ് 819 കോടി രൂപയായി.

കമ്പനിയുടെ ക്രെഡിറ്റ് കാർഡുകളുടെ എ




ണ്ണം മുൻവർഷത്തെ 2.15 കോടിയിൽനിന്ന് എ

ട്ട് ശതമാനം വർധിച്ച് 2.32 കോടിയായി. രണ്ടാം പാദത്തിൽ കാർഡ് ഉപയോഗിച്ചുള്ള മൊത്തം ചെലവ് മൂന്ന് ശതമാനം വർധിച്ച് 1,10,689 കോടി രൂപയിലെത്തി.പുതിയ അക്കൗണ്ടുകളുടെ എണ്ണം 9.36 ലക്ഷത്തിൽനിന്ന് 11.06 ലക്ഷമായി ഉയർന്നു. സെപ്റ്റംബർ 30ലെ കണക്കനുസരിച്ച് കമ്പനിയുടെ മൊത്തം വായ്പകൾ 56,532 കോടി രൂപയും ആകെ ആസ്തി 71,102 കോടി രൂപയുമാണ്.

മൊത്ത നിഷ്ക്രിയ ആസ്തി അനുപാതം മുൻവർഷത്തെ 2.85 ശതമാനത്തിൽനിന്ന് 1.90 ശതമാനമായി കുറഞ്ഞു.



# ഫിസാറ്റ് രജത ജൂബിലി ആഘോഷങ്ങൾ ഒക്ടോബർ 30ന്

**അങ്കമാലി:** സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കാൽ നൂറ്റാണ്ട് പിന്നിടുന്ന അങ്കമാലി ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഫിസാറ്റ്) സിൽവർ ജൂബിലി ആഘോഷങ്ങളിലേക്ക് കടക്കുന്നു. ഒക്ടോബർ 30 വെള്ളിയാഴ്ച രാവിലെ 10ന് കോളേജ് ക്യാമ്പസിലെ ഗ്രീൻ ഫീൽഡ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും പുതിയ സിൽവർ ജൂബിലി മന്ദിരത്തിന്റെ സമർപ്പണവും നിർവ്വഹിക്കും.

ഫെഡറൽ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ (FBOAES) കീഴിൽ 2002ൽ പ്രവർത്തനം ആരംഭിച്ച ഫിസാറ്റ്, സാങ്കേതിക വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും ക്യാമ്പസ് പ്ലേസ്മെന്റുകളിലും വൻ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. 25ാം വാർഷികത്തോടനുബന്ധിച്ച് നിർമ്മിച്ച 75,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സിൽവർ ജൂബിലി മന്ദിരത്തിൽ നൂതന സാങ്കേതികവിദ്യ കോഴ്സുകൾ, ഗവേഷണ കേന്ദ്രങ്ങൾ, അത്യാധുനിക ലാബുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ മുഖ്യാതിഥിയാകും. ഫിസാറ്റ് ചെയർമാൻ പി.ആർ. ഷിമിത്ത് അധ്യക്ഷത വഹിക്കും. ബെന്നി ബെഹനാൻ എം.പി., അബ്ദുൾ കലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ തോമസ്, ഫെഡറൽ ബാങ്ക് എം.ഡിയും സി.ഇ.ഒ.യുമായ കെ.വി.എസ്. മണിയൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും.മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയ രാധാകൃഷ്ണൻ, ഫിസാറ്റ് വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ, ട്രഷറർ ജെനിബ് ജെ. കാച്ചപ്പിള്ളി, അസോസിയേറ്റ് സെക്രട്ടറി എസ്.സത്യമൂർത്തി തുടങ്ങിയവരും പി.ടി.എ., അലുമ്നി, കോളേജ് യൂണിയൻ എന്നിവരുടെ പ്രതിനിധികളും ചടങ്ങിൽ ആശംസകൾ അർപ്പിക്കും. മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ , ഫെഡറൽ ബാങ്ക് ഓഫീസർസ് അസോസിയേഷൻ അംഗങ്ങൾ, എഫ്ബിഓഎഇഎസ് സൊസൈറ്റി അംഗങ്ങൾ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയിലെ പ്രമുഖർ, ജനപ്രതിനിധികൾ , സ്ഥാപനം തുടങ്ങുന്നതിനായി ഭൂമി വിട്ടു നൽകിയവർ, മുൻകാല ജീവനക്കാർ തുടങ്ങി നിരവധി പ്രമുഖർ പരിപാടിയുടെ ഭാഗമാകും

ചടങ്ങിൽ 25 ഇയേഴ്സ് ഓഫ് എക്സലൻസ് ഫിസാറ്റ് എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി മാസ്റ്റർ പ്ലാൻ, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, സാമൂഹിക ക്ഷേമ പദ്ധതികൾ എന്നിവ പ്രഖ്യാപിക്കുകയും ചെയ്യുമെന്ന് അങ്കമാലിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഭാരവാഹികൾ അറിയിച്ചു.

വാർത്താസമ്മേളനത്തിൽ ഫിസാറ്റ് ചെയർമാൻ പി. ആർ.ഷിമിത്ത് , വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ, ട്രഷറർ ജെനിബ് ജെ കാച്ചപ്പിള്ളി, മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ അസ്സോസിയേറ്റ് ട്രഷറർ ശശി പി ആർ, അബ്ദുൽ നാസർ എം പി, കെ കെ അജിത് കുമാർ , ജോർജ് സി ചാക്കോ, പ്രിൻസിപ്പൽ ഡോ. വി. ജേക്കബ് തോമസ് പബ്ലിക് റിലേഷൻസ് മാനേജർ ഷിന്റോ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

# കൊച്ചി അമൃതയിൽ ദേശീയ സമ്മേളനം ഒക്ടോബർ 28, 29 തീയതികളിൽ

**കൊച്ചി:** ആരോഗ്യഗവേഷണ രംഗത്ത് നിർമിതബുദ്ധിയുടെ (അക) പ്രയോഗങ്ങളും സാധ്യതകളും ചർച്ച ചെയ്യുന്നതിനായി കൊച്ചി അമൃത കോളജ് ഓഫ് നഴ്സിങ്ങിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 28, 29 തീയതികളിൽ ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നു. 'എഐ ഇൻ റിസർച്ച്: ഫ്രം കൺസെപ്റ്റ് ടു കമ്മ്യൂണിറ്റി ദ കംപ്ലീറ്റ് സൈക്കിൾ' എന്നതാണ് ദ്വിദിന സമ്മേളനത്തിന്റെ പ്രമേയം.

ഒക്ടോബർ 28ന് രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ഹൈബ്രിഡ് (ഓൺലൈൻ/ഓഫ്‌ലൈൻ) രീതിയിൽ 'എഐ ഇൻ റിസർച്ച്: ഫ്രം കൺസെപ്റ്റ് ടു മാനുസ്ക്രിപ്റ്റ്' എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന ശിൽപശാല നടക്കും. ഒക്ടോബർ 29ന് രാവിലെ 10ന് അമൃത ആശുപത്രിയിലെ അനക്സ് ബി ബ്ലോക്ക് ഓഡിറ്റോറിയത്തിൽ ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടനം നടക്കും.

അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പലും സംഘാടക സമിതി അധ്യക്ഷയുമായ ഡോ. കെ.ടി. മോളിയുടെ നേതൃത്വത്തിലാണ് സമ്മേളനം ഒരുക്കിയിരിക്കുന്നത്. കുസാറ്റിലെ സെന്റർ ഫോർ ന്യൂറോ സയൻസ് ഓണററി ഡയറക്ടർ ഡോ. ബേബി ചക്രപാണി പി.എസ്. മുഖ്യാതിഥിയാകും. അമൃതപുരി അമൃത സ്കൂൾ ഓഫ് ബിസിനസ് ഡീൻ ഡോ. രഘു രാമൻ ആശംസാപ്രസംഗം നടത്തും.

ആരോഗ്യഗവേഷണത്തിലെ എഐ ഉപയോഗം, ഗവേഷണ നൈതികത, തെളിവധിഷ്ഠിത ചികിത്സാരീതികൾ, ശാസ്ത്രീയ പ്രസിദ്ധീകരണം എന്നിവയിൽ വിദഗ്ധ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 'ഗവേഷകരെ എഐ മാറ്റിസ്ഥാപിക്കുമോ, അതോ കൂടുതൽ ശാക്തീകരിക്കുമോ?' എന്ന വിഷയത്തിൽ പാനൽ ചർച്ചയും മികച്ച പ്രബന്ധങ്ങൾക്കും പോസ്റ്ററുകൾക്കുമുള്ള പുരസ്കാര വിതരണവും നടക്കും.

പങ്കെടുക്കാൻ താല്പര്യമുള്ള ആരോഗ്യപ്രവർത്തകർ, ഗവേഷകർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ സംഘാടക സെക്രട്ടറിമാരായ ലെഫ്റ്റനന്റ് കേണൽ (ഡോ.) അജീ കെ.എൽ. (83350 53920), അനിഷ വടക്കേപ്പാട്ട് (90615 59280) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

# സർവകലാശാല കരിക്കുലം പരിഷ്കരണത്തിൽ ഇനി വിദ്യാർത്ഥികൾക്കും നിർണായക പങ്ക്

**കൊച്ചി:** വ്യവസായസാങ്കേതിക മേഖലകളിലെ മാറ്റങ്ങൾ അതിവേഗം പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയെന്ന ലക്ഷ്യത്തോടെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) നടപ്പാക്കുന്ന ഇൻഡസ്ട്രി ഫ്ലക്സി കരിക്കുലം പരിഷ്കരണത്തിൽ വിദ്യാർത്ഥികൾക്കും നിർണായക പങ്ക് നൽകും. ഫ്ലക്സി കരിക്കുലം നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ പഠന വകുപ്പിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉൾപ്പെടെയുള്ള ഡിപ്പാർട്ട്മെന്റ് കരിക്കുലം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരിയുടെ അധ്യക്ഷതയിൽ ചേർന്ന ഫ്ലക്സി കരിക്കുലം ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗത്തിലാണ് തീരുമാനം. ഡീൻമാർ, വകുപ്പ് മേധാവികൾ, വകുപ്പ് കോർഡിനേറ്റർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ഓരോ പഠന വകുപ്പിലെയും പാഠ്യപദ്ധതിയുടെ 20 ശതമാനം ഫ്ലക്സി കരിക്കുലത്തിന്റെ ഭാഗമാക്കാനാണ് സർവകലാശാല തീരുമാനിച്ചിരിക്കുന്നത്. വകുപ്പിലെ എല്ലാ അധ്യാപകരും തിരഞ്ഞെടുക്കപ്പെടുന്ന ഗവേഷണ വിദ്യാർത്ഥികളും ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും ഡിപ്പാർട്ട്മെന്റ് കരിക്കുലം കമ്മിറ്റിയുടെ ഭാഗമാകും.

ഓരോ സെമസ്റ്ററിലും ഫ്ലക്സി കരിക്കുലത്തിന്റെ ഭാഗമാക്കേണ്ട 20 ശതമാനം പഠനവിഷയങ്ങൾ അതത് ഡിപ്പാർട്ട്മെന്റ് കരിക്കുലം കമ്മിറ്റിക്ക് തീരുമാനിക്കാം. വകുപ്പുകളിൽ നടക്കുന്ന പ്രസക്തമായ ഗവേഷണങ്ങളും ഗവേഷണ പ്രബന്ധങ്ങളിലെ പുതിയ കണ്ടെത്തലുകളും ആവശ്യാനുസരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും ഇതിലൂടെ സാധിക്കും.

വ്യവസായ, വാണിജ്യ, ഐ.ടി. മേഖലകളിൽ അതിവേഗം ഉണ്ടാകുന്ന മാറ്റങ്ങളും പുതിയ സാങ്കേതികവിദ്യകളും അതത് കാലയളവിൽ തന്നെ വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമാക്കാൻ കഴിയുമെന്നതാണ് ഫ്ലക്സി കരിക്കുലത്തിന്റെ പ്രധാന സവിശേഷത. പരമ്പരാഗത പാഠ്യപദ്ധതി പരിഷ്കരണത്തിനായി ദീർഘകാലം കാത്തിരിക്കാതെ തൊഴിൽമേഖലയുടെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് പഠനവിഷയങ്ങളിൽ മാറ്റം വരുത്താനും പുതിയ വിഷയങ്ങൾ ഉൾപ്പെടുത്താനും ഇതിലൂടെ വകുപ്പുകൾക്ക് കൂടുതൽ അവസരം ലഭിക്കും.

കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു ഫ്ലക്സിബിൾ കരിക്കുലം സംവിധാനം കുസാറ്റ് നടപ്പാക്കുന്നത്. നിർദ്ദിഷ്ട മാതൃകപ്രകാരം സിലബസിന്റെ 80 ശതമാനം പഠന ബോർഡ് നിർദേശിക്കുന്ന കോർ കരിക്കുലവും ശേഷിക്കുന്ന 20 ശതമാനം ഫ്ലക്സിബിൾ കരിക്കുലം ഘടകവുമായിരിക്കും. കോർ കരിക്കുലം അക്കാദമിക് നിലവാരവും നിയമപരമായ ആവശ്യകതകളും ഉറപ്പാക്കുമ്പോൾ, ഫ്ലക്സിബിൾ ഘടകം കാലാനുസൃതമായി പരിഷ്കരിച്ച് പുതിയ സാങ്കേതികവിദ്യകൾ, ഗവേഷണ കണ്ടെത്തലുകൾ, അന്തർവിഷയ വിഷയങ്ങൾ, വ്യാവസായിക രീതികൾ, കേസ് സ്റ്റഡികൾ, സമകാലിക വികസനങ്ങൾ എന്നിവ ഉൾപ്പെടുത്താൻ കഴിയും.

ഫ്ളക്സിബിൾ കരിക്കുലത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ കണ്ടെത്തുന്നതിനും പാഠ്യപദ്ധതി പരിഷ്കരണത്തിന് അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സുതാര്യമായിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. പുതിയ വികസനങ്ങളും ഉയർന്നുവരുന്ന വിഷയമേഖലകളും കണ്ടെത്തി ഫ്ലക്സിബിൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ വ്യവസായ വിദഗ്ധർക്കും പൂർവവിദ്യാർഥികൾക്കും അവസരമുണ്ടാകും.

വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, വ്യവസായ വിദഗ്ധർ, പൂർവവിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തത്തോടെ പഠനവും ഗവേഷണവും വ്യവസായമേഖലയുടെ മാറുന്ന ആവശ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയാണ് പുതിയ കരിക്കുലം സംവിധാനത്തിലൂടെ കുസാറ്റ് ലക്ഷ്യമിടുന്നത്.





# എം ജെ എസ് എസ്എ അങ്കമാലി ഭദ്രാസന നേതൃത്വ സംഗമം നടത്തി

**മൂവാറ്റുപുഴ:** മലങ്കര ജേക്കബൈറ്റ് സിറിയൻ സൺഡേ സ്കൂൾ അസോസിയേഷൻ അങ്കമാലി ഭദ്രാസന അധ്യാപക നേതൃത്വ സംഗമം റാക്കാട് സെൻറ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ നേർച്ച പള്ളിയിൽ നടത്തി.

വികാരി ഫാ. എൽദോസ് മോളേക്കുടിയിൽ അധ്യക്ഷത വഹിച്ചു. അങ്കമാലി മേഖലാ മെത്രാപ്പോലീത്ത മാത്യൂസ് മോർ അന്തിമസ് ഉദ്ഘാടനം നിർവഹിച്ചു. ഭദ്രാസനത്തിലെ അങ്കമാലി, പെരുമ്പാവൂർ, മുവാറ്റുപുഴ, ഹൈറേഞ്ച്, കോതമംഗലം എന്നീ അഞ്ചു മേഖല കളിലെ ഭാരവാഹികളുടെ യോഗത്തിൽ ജനറൽ സെക്രട്ടറി എൽദോ ഐസക് മുഖ്യ പ്രഭാഷണം നടത്തി. സഹവികാരി ഫാ. ബേസിൽ പതിയാരത്ത്പറമ്പിൽ എം ജെ എസ് എസ്എ സെക്രട്ടറി പി. വി. ജേക്കബ്, ട്രഷറർ എം. കെ. വർഗീസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം റ്റി.റ്റി.ജോയി, പരീക്ഷ കൺട്രോളർ തോമസ് പോൾ, ഭദ്രാസന ഡയറക്ടർ അഡ്വ. ജോബി മാത്യു, സെക്രട്ടറി എൻ.സി. പൗലോസ്, ട്രസ്റ്റിമാരായ ഐസൺ. സി. വർഗീസ്,സുജിത്ത് പൗലോസ്,മേഖല ഡയറക്ടർ സജി പൗലോസ്, വത്സ. കെ. വി.എന്നിവർ പ്രസംഗിച്ചു.ഫാ. എൽദോസ് കെ.ജോയി കാണിയാട്ട് ക്ലാസ് എടുത്തു



# മാർ ഗ്രിഗോറിയോസ് പൊതുസമൂഹം ആദരവോടെ കണ്ട ശ്രേഷ്ഠ വ്യക്തിത്വം: ആഭ്യന്തരമന്ത്രി

**കറ്റാനം:** പൊതുസമൂഹം ഒന്നടങ്കം ആദരവോടെയും ബഹുമാനത്തോടെയും നോക്കിക്കണ്ടിരുന്ന കേരളത്തിന്റെ സാമൂഹിക മണ്ഡലങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയ ശ്രേഷ്ഠ വ്യക്തിത്വമായിരുന്നു ആർച്ച്ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോറിയോസെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

എംസിഎ മാവേലിക്കര ഭദ്രാസന സമിതി കറ്റാനം സെൻറ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ സംഘടിപ്പിച്ച ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലങ്കര കത്തോലിക്കാസഭയുടെ അധ്യക്ഷനായിരുന്ന അദ്ദേഹം സഭയുടെ വളർച്ചയ്ക്ക് മാത്രമല്ല, ദരിദ്രരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനും പുരോഗതിക്കും വലിയ സംഭാവനകൾ നൽകിയ മഹാനായിരുന്നെന്നും രമേശ് ചെന്നിത്തല പറഞ്ഞു. ലഹരി വിരുദ്ധ ക്യാമ്പയിന്റെ രണ്ടാംഘട്ട ഉദ്ഘാടനവും ആഭ്യന്തരമന്ത്രി നിർവഹിച്ചു. എംസിഎ ഭദ്രാസന പ്രസിഡൻറ് അഡ്വ. അനിൽ ബാബു അധ്യക്ഷത വഹിച്ചു. ഭദ്രാസന വികാരി ജനറൽ ഫാ. ജോബ് കല്ലുവിളയിൽ അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. ജോർജ് കോട്ടപ്പുറം, എംസിഎ സഭാതല പ്രസിഡൻറ് ഡോ.എസ്.ആർ. ബൈജു, അഡ്വ. ജോൺസൺ ഏബ്രഹാം, ഭരണിക്കാവ് പഞ്ചായത്ത് വൈസ് പ്രസിഡൻറ് പുഷ്പമ്മ, ഫാ. തോമസ് ചെറുപുഷ്പം, ഫാ. മാത്യുസ് കുഴിവിള, രഞ്ജൻ ജോർജ്, ഡോ. ജോൺ ടി. ഏബ്രഹാം, തോമസ് എം. മാത്തുണ്ണി, ഷാരോൺ ശാമുവേൽ, അലക്സ്, ബിനു കെ. ശാമുവേൽ, വില്യംസ് മത്തായി, കോശി പാറതുണ്ടിൽ എന്നിവർ പ്രസംഗിച്ചു.

# ജലഗതാഗത വകുപ്പിന്റെ ഉല്ലാസയാത്രകൾ ഹിറ്റാകുന്നു

**വൈക്കം:** ഉൾനാടൻ ജലാശയങ്ങളിലെ വിനോദ സഞ്ചാര സാധ്യത വർധിപ്പിക്കുന്നതിനും മിതമായ നിരക്കിൽ സാധാരണക്കാർക്കും വിനോദയാത്ര ഉറപ്പാക്കാൻ ജലഗതാഗത വകുപ്പിൻറെ വൈക്കം സ്റ്റേഷൻ ആരംഭിച്ച വൈക്കംപാലാക്കരി അക്വാടൂറിസം സെൻറർ, സി വൈക്കം ഉല്ലാസയാത്ര എന്നിവ ജനപ്രിയമാകുന്നു. രണ്ട് പുതിയ സോളാർ ബോട്ടുകളാണ് വിനോദ യാത്രയ്ക്ക് ഉപയോഗിക്കുന്നത്.

75 പേർക്ക് യാത്ര ചെയ്യാൻ കഴിയുന്ന ബോട്ടുകൾ കായൽ മനോഹാരിത നുകരാനെത്തുന്ന സഞ്ചാരികളെ നേർത്ത ശബ്ദം കൊണ്ടുപോലും അലോസരപ്പെടുത്തുന്നില്ല. ഏതാനും ദിവസങ്ങൾക്കു മുമ്പ് തുടങ്ങിയ വൈക്കം  പാലാക്കരി യാത്രയ്ക്ക് അവധി ദിവസങ്ങളിലാണ് യാത്രക്കാർ കൂടുതലായി എത്തുന്നത്. കഴിഞ്ഞ ദിവസം പാലാക്കരി ട്രിപ്പിൽ ഒരു ദിവസം 74 ഉം മറ്റൊരു ദിവസം 57 ഉം യാത്രക്കാരുണ്ടായിരുന്നു. പാലാക്കരി യാത്രയിൽ മുതിർന്നവർക്ക് 799 രൂപയും കുട്ടികൾക്ക് 575 രൂപയുമാണ് ചാർജ്.

രാവിലെ 10ന് വൈക്കം ജെട്ടിയിൽ നിന്ന് ആരംഭിച്ച് കായൽ ചുറ്റി ടി വിപുരം ജെട്ടി, തുരുത്തുകൾ, നേരേകടവ് പാലം എന്നിവ കണ്ട് മുറിഞ്ഞപുഴയിലൂടെ കടന്ന് തൂക്കുപാലത്തിലേറി പാലാക്കരി അക്വാ ടൂറിസം സെന്ററിലെത്തി മൂന്നു മണിക്കൂർ അവിടെ ചെലവഴിക്കും.

വൈകുന്നേരം അഞ്ചിനു വൈക്കം ജെട്ടിയിൽ മടങ്ങിയെത്തുന്നവിധമാണ് യാത്ര ക്രമീകരിച്ചിരിക്കുന്നത്. കുറഞ്ഞത് 10 പേരെങ്കിലും ഉണ്ടെങ്കിൽ വൈക്കത്തു നിന്ന് പാലാക്കരി ട്രിപ്പ് പുറപ്പെടും. വൈക്കം ക്ഷേത്രത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്ന് ദർശനം നടത്താനെത്തുന്നവർക്കും നഗരത്തിൽ വിവിധാവശ്യങ്ങൾക്ക് എത്തുന്നവർക്കും ഒരു മണിക്കൂർ വേമ്പനാട്ടുകായൽ ചുറ്റാൻ ജലഗതാഗത വകുപ്പ് ആരംഭിച്ച സീ വൈക്കം ഉല്ലാസയാത്രയ്ക്കു മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. ഈ ട്രിപ്പിൽ മുതിർന്നവർക്ക് 100 രൂപയും കുട്ടികൾക്ക് 50 രൂപയുമാണ് ഈടാക്കുന്നത്.

വൈക്കം ടി വി പുരം ജെട്ടി, വിളക്കുമാടം തുരുത്ത് എന്നിവ കണ്ട് നേരേ കടവ് പാലം ചുറ്റി വൈക്കത്ത് തിരിച്ചെത്തും. പത്ത് പേരെങ്കിലും ഉണ്ടെങ്കിൽ ഈ ട്രിപ്പും പുറപ്പെടും. ജലഗതാഗത വകുപ്പിന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഫെറികളിലൊന്നാണ് വൈക്കം തവണക്കടവ്.

സംസ്ഥാനത്ത് ആറു ജില്ലകളിലാണ് ഇപ്പോൾ ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ സർവീസ് നടക്കുന്നത്. പാലങ്ങൾ വരുന്നതോടെ ബോട്ട് സർവീസും അവസാനിക്കും. ജലഗതാഗതവകുപ്പിന്റെ പ്രതിമാസ വരുമാനം 10 കോടി രൂപയാണ്. ഇതിൽ ഏഴ് കോടിയും ലഭിക്കുന്നത് വിനോദ സഞ്ചാരത്തിൽ നിന്നാണ്. വിനോദ സഞ്ചാരത്തിന് പ്രാമുഖ്യം നൽകി ഉൾനാടൻ ജലാശയങ്ങളുടെ മനോഹാരിത സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കി നേട്ടം കൊയ്ത് വകുപ്പിനെയും ജീവനക്കാരെയും നിലനിർത്താനാണ് ജലഗതാഗത വകുപ്പിന്റെ തീരുമാനം.

# ക്രിസ്മസ്പുതുവത്സര സമ്മാനമായി തൂക്കുപാലം ഡിസംബർ 20ന് തുറക്കും

**മൂവാറ്റുപുഴ:** നീണ്ട നാളത്തെ കാത്തിരിപ്പിന് വിരാമമിട്ട് പുഴയോര ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള തൂക്കുപാലം ഡിസംബർ 20ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും. ക്രിസ്മസ്  പുതുവത്സര ആഘോഷങ്ങൾക്ക് മുന്നോടിയായി ലഭിക്കുന്ന ഈ വികസന സമ്മാനം മൂവാറ്റുപുഴയുടെ ടൂറിസം മേഖലയ്ക്ക് വലിയ ഉണർവ് പകരുമെന്ന് നഗരസഭാ ചെയർപേഴ്സൺ ജോയ്സ് മേരി പറഞ്ഞു.

മൂവാറ്റുപുഴയുടെ നഗരഹൃദയത്തിലൂടെ ഒഴുകുന്ന പുഴയ്ക്ക് കുറുകെ പുതിയൊരു നടപ്പുവഴി കൂടി പിറവിയെടുക്കുന്നതോടെ വിനോദ സഞ്ചാര സാധ്യത വർധിക്കും. ഇതോടനുബന്ധിച്ച് ബൃഹത് പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

നഗരസഭയുടെ നേതൃത്വത്തിൽ 13 കോടി മുതൽമുടക്കിൽ രണ്ടു ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യപടിയായി കേന്ദ്ര സർക്കാരിൻറെ അമൃതം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച അഞ്ചുകോടി ചെലവഴിച്ചാണ് തൊടുപുഴയാറിന് കുറുകെ തൂക്കുപാലം പണികഴിപ്പിച്ചത്. നഗരവാസികൾക്കും സഞ്ചാരികൾക്കും സുപരിചിതമായ ഡ്രീംലാൻഡ് പാർക്കിൽ നിന്നും പുഴ കടന്ന് പേട്ട ഭാഗത്തേക്ക് എത്തിച്ചേരുന്ന തരത്തിലാണ് പാലത്തിന്റെ ഘടന. നിലവിലുള്ള ലത പാലത്തിന് സമാന്തരമായാണ് പുതിയ പാലം.

കച്ചേരിത്താഴം വരെ നീളുന്ന മനോഹരമായ പുഴയോര നടപ്പാത, കാഴ്ചകൾ കാണാൻ വാച്ച് ടവർ, ചരിത്രവും സംസ്കാരവും ഒപ്പിയെടുക്കാൻ മ്യൂസിയം, സായാഹ്നങ്ങൾ ആസ്വദിക്കാൻ കഫെറ്റീരിയ എന്നിവയെല്ലാം പദ്ധതിയുടെ ഭാഗമായി വരുന്നുണ്ട്.

ഒപ്പം പുഴയിലൂടെയുള്ള ജലയാത്ര സഞ്ചാരികൾക്ക് സമ്മാനിക്കാനായി സോളാർ ബോട്ടുകളും സജ്ജമാക്കാൻ പദ്ധതിയുണ്ട്. ഇവിടുത്തെ സ്വാഭാവികമായ പാറകകെട്ടുകളും മുളങ്കാടുകളും ചെറിയ കുന്നുകളുമൊന്നും നശിപ്പിക്കാതെയാണ് നാലര ഏക്കറിലധികം പരന്നുകിടക്കുന്ന ഡ്രീം ലാൻഡ് പാർക്ക് 50 ലക്ഷം ചെലവിൽ നവീകരിക്കുന്നത്.



# കാലാവസ്ഥാ വ്യതിയാനം: പ്രതിരോധത്തിന് സംസ്ഥാനതല മോണിറ്ററിങ് യൂണിറ്റ്

**തിരുവനന്തപുരം:** എൽ നിനോ ഉൾപ്പെടെയുള്ള കാലാവസ്ഥാ വ്യതിയാന പ്രവണതകൾ കാർഷിക മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, നബാർഡ് തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി സംസ്ഥാനതല മോണിറ്ററിങ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാനും നിലവിലുള്ള വിവിധ ഫണ്ട് സ്രോതസ്സുകൾ ഏകോപിപ്പിച്ച് ഫലപ്രദമായി വിനിയോഗിക്കാനും തീരുമാനിച്ചു. നിയമസഭാ ബാങ്കറ്റ് ഹാളിൽ കൃഷിമന്ത്രി ടി സിദ്ദിഖിന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിതല യോഗത്തിലാണ് തീരുമാനം.

ജലസ്രോതസ്സുകളുടെ സംരക്ഷണം, തോടുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം, ജലനിയന്ത്രണ സംവിധാനങ്ങൾ, ഡ്രിപ്പ് ഇറിഗേഷൻ, മഴവെള്ള സംഭരണം, ജലസംഭരണ കിണറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കും. കാർഷിക മേഖലയിൽ ഹരിതാവരണം വർധിപ്പിച്ച് മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും നേരിട്ടുള്ള സൂര്യപ്രകാശം മൂലമുള്ള ആഘാതങ്ങൾ കുറയ്ക്കുന്നതിനുമുള്ള നടപടികളും കർമപദ്ധതിയിൽ ഉൾപ്പെടുത്തും.

കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ ഗൗരവത്തോടെ കണ്ട് ഭൂമിയെയും കാർഷികവൃത്തിയെയും വിളകളെയും സംരക്ഷിക്കുന്നതിനുള്ള വിപുലമായ ദൗത്യത്തിന് തുടക്കമിടേണ്ടതുണ്ടെന്ന് കൃഷിവകുപ്പ് മന്ത്രി ടി. സിദ്ദിഖ് പറഞ്ഞു. വിവിധ വകുപ്പുകളുടെ ഫണ്ടുകൾ ഏകോപിപ്പിച്ച് ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. ഇതിനായി വകുപ്പുകൾ സംയുക്തമായി യോഗം ചേർന്ന് അടിയന്തരമായി പ്രവർത്തനരൂപരേഖ തയ്യാറാക്കണമെന്നും മന്ത്രി നിർദേശിച്ചു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്ന് കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും. പഞ്ചായത്ത് തലത്തിലും പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങളുടെ പുരോഗതി ഇടവേളകളിൽ വിലയിരുത്തി തുടർനടപടികൾ ഉറപ്പാക്കും.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്നതിൽ കുട്ടനാടിന് പ്രത്യേക പരിഗണന നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും. ജലവിഭവ, റവന്യൂ വകുപ്പുകളുടെ മന്ത്രിമാരുമായി കൂടിയാലോചിച്ച് കുട്ടനാടിനായി പ്രത്യേക ദൗത്യം രൂപപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി വ്യക്തമാക്കി.

വരും വർഷങ്ങളിൽ താപനിലയും ജലക്ഷാമവും വർധിക്കാനുള്ള സാധ്യത ആശങ്കാജനകമാണെന്ന് മന്ത്രി ടി. സിദ്ദിഖ് പറഞ്ഞു.

സംസ്ഥാനത്ത് നിലവിൽ 28 ശതമാനം മഴക്കുറവുണ്ടെന്നും താപനിലയിൽ ചിലയിടങ്ങളിൽ രണ്ട് ഡിഗ്രി സെൽഷ്യസിന്റെ വർധന രേഖപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് അടിയന്തര ഇടപെടൽ ആവശ്യമായ മേഖലകൾ കണ്ടെത്തുകയും ജലസംരക്ഷണത്തിനും മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും വേണമെന്നും അദ്ദേഹം നിർദേശിച്ചു. കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയെ മാത്രമല്ല, പ്രകൃതിദത്ത ആവാസവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി പറഞ്ഞു. പ്രകൃതിദത്ത നീരൊഴുക്കുകളും തോടുകളും സംരക്ഷിക്കുന്നതിനും മാലിന്യസംസ്കരണത്തിലൂടെയും ശുചീകരണ പ്രവർത്തനങ്ങളിലൂടെയും ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തും. കാർഷിക മേഖലയെ കാലാവസ്ഥാ വെല്ലുവിളികളിൽനിന്ന് സംരക്ഷിക്കുന്നതിനായി കൃഷിവകുപ്പുമായി സഹകരിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് പദ്ധതികളുടെ ഫലപ്രാപ്തിയെ ബാധിക്കുന്നതെന്ന് ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തെയും കുട്ടനാട്ടിലെ വെല്ലുവിളികളെയും നേരിടാൻ മുൻഗണനകൾ നിശ്ചയിച്ച് ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കണം. വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി പ്രശ്നപരിഹാരത്തിന് ഈ സർക്കാർ മുൻകൈയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കൃഷിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജലസംരക്ഷണം, വെള്ളപ്പൊക്ക പ്രതിരോധം, ജലനിർഗമനം, ബണ്ട് സംരക്ഷണം, കാർഷിക കലണ്ടർ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണം. ഇതിനായി ജലവിഭവ വകുപ്പിന്റെ പൂർണ പിന്തുണയും മന്ത്രി ഉറപ്പുനൽകി. 2018ലെ പ്രളയത്തിനും തുടർന്നുണ്ടായ കാലാവസ്ഥാ ദുരന്തങ്ങൾക്കും ശേഷം കാർഷിക മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ അനിവാര്യമാണെന്ന് റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു. പ്രകൃതിദത്ത നീരൊഴുക്കുകളും തോടുകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും വെള്ളപ്പൊക്കത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും കാർഷിക അഭിവൃദ്ധി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. ഇതിനാവശ്യമായ നിയമഭേദഗതികളും കൃത്യമായ പദ്ധതികളും പരിഗണിക്കുമെന്നും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന പദ്ധതികൾക്ക് റവന്യൂ വകുപ്പിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ലാൻഡ് റവന്യൂ കമ്മിഷണർ എച്ച്. ദിനേശൻ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്. അയ്യർ, കൃഷിവകുപ്പ് ഡയറക്ടർ അർജുൻ പാണ്ഡ്യൻ എന്നിവരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

## എം.ജി.യു. ഹ്രസ്വകാല കോഴ്സുകൾ: അപേക്ഷ ഡിസംബർ ഒന്നുവരെ നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളുടെയും കേന്ദ്രങ്ങളുടെയും സഹകരണത്തോടെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് നടത്തുന്ന ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ ഒന്നുവരെ നീട്ടി. പാർട്ട് ടൈം ഹൈബ്രിഡ് രീതിയിൽ നടത്തുന്ന കോഴ്സുകളിൽ മറ്റ് റഗുലർ പ്രോഗ്രാമുകൾക്ക് പഠിക്കുന്നവർക്കും പ്രവേശനം നേടാം. നാല് സർട്ടിഫിക്കറ്റ് കോഴ്സുകൾ, 2 ഡിപ്ലോമ കോഴ്സുകൾ, 9 പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവയിലേക്കാണ് നിലവിൽ അഡ്മിഷൻ നടക്കുന്നത്.

ഓൺലൈൻ, ഓഫ്‌ലൈൻ ക്ലാസുകൾ ഉൾപ്പെടുന്ന ഹൈബ്രിഡ് രീതിയിലാണ് കോഴ്സുകൾ നടത്തുന്നത്. ഓഫ്‌ലൈൻ ക്ലാസുകൾ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലുമായിരിക്കും.

അപേക്ഷകൾ dasp.mgu.ac.in വഴി ഓൺലൈനായി സമർപ്പിക്കാം. ഗൂഗിൾ ഫോം വഴിയും അപേക്ഷിക്കാം.

### സർട്ടിഫിക്കറ്റ് കോഴ്സുകൾ

വെയർഹൗസിങ് ആൻഡ് ഇൻവെന്ററി മാനേജ്മെന്റ്, വേസ്റ്റ് മാനേജ്മെന്റ്, ബിസിനസ് ഡാറ്റ അനാലിസിസ് യൂസിങ് ടാലി ഇആർപി ആന്റ് എം.എസ്. എക്സൽ, ഇന്റർനെറ്റ് പ്രോഗ്രാമിങ് ആന്റ് വെബ് ടെക്നോളജീസ് എന്നിവയാണ് സർട്ടിഫിക്കറ്റ് കോഴ്സുകൾ. യോഗ്യത: പ്ലസ് ടു. ആറുമാസമാണ് പഠനകാലയളവ്.

### ഡിപ്ലോമ കോഴ്സുകൾ

ഡിപ്ലോമ ഇൻ ഏർലി ഡിറ്റക്ഷൻ ആന്റ് ഇന്റർവെൻഷൻ ഓഫ് ഡിസബിലിറ്റീസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടന്റിങ് ആന്റ് ടാക്സേഷൻ എന്നീ കോഴ്സുകൾക്ക് പ്ലസ് ടു ആണ് യോഗ്യത. ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളാണ്.

### പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ

സയൻസ് ആന്റ് ടെക്നോളജി ഓഫ് ലാറ്റക്സ് പ്രോഡക്ട്സ്, എ.ഐ. ആന്റ് ഡീപ് ലേണിങ്: ഫ്രം ബേസിക്സ് ടു ആപ്ലിക്കേഷൻസ്, ഇലക്ട്രോകെമിക്കൽ എനർജി സ്റ്റോറേജ് ആന്റ് കൺവേർഷൻ ഡിവൈസസ്, ഡിജിറ്റൽ ആന്റ് സോഷ്യൽ മീഡിയ മാർക്കറ്റിങ്, ഫുഡ് പാക്കേജിങ് ടെക്നോളജി, നാനോസയൻസ് ആന്റ് നാനോടെക്നോളജി, ഇൻസ്ട്രുമെന്റൽ മെത്തേഡ്സ് ഓഫ് കെമിക്കൽ അനാലിസിസ്, ഇമോഷണൽ ഇന്റലിജൻസ് ഡെവലപ്മെന്റ്, ഹൈപ്പോതെസിസ് ടെസ്റ്റിങ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് ഇൻ ക്വാണ്ടിറ്റേറ്റീവ് റിസർച്ച് എന്നിവയാണ് കോഴ്സുകൾ. ആറുമാസം ദൈർഘ്യമുള്ള ഈ കോഴ്സുകൾക്ക് ബിരുദം / ബി.ടെക് ആണ് യോഗ്യത. ചില കോഴ്സുകൾക്ക് സയൻസ് ബിരുദം ആവശ്യമാണ്. വിശദവിവരങ്ങൾക്ക് mgu.ac.in സൈറ്റിലുള്ള നോട്ടിഫിക്കേഷൻ പരിശോധിക്കുക. ഫോൺ: 8078786798.

## ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ്. നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവെയിങ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

സിവിൽ എഞ്ചിനീറിങ്, ലാൻഡ് സർവെയിങ് മേഖലകളിലേക്ക് ആവശ്യമായ വിശദമായ മാപ്പുകൾ, പ്ലാൻ, ഡ്രോയിങ് തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിഫറെൻഷ്യൽ ജിപിഎസ്, ഓട്ടോ ലെവൽ, ഓട്ടോ കാഡ് സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള 3 മാസത്തെ പരിശീനമാണ് ലഭ്യമാകുക.

2026 നവംബർ 6 വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ses.mgu.ac.in. ഫോൺ: 8590282951.

## പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ/ 2019-2023 അഡ്മിഷൻ റീ അപ്പീയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും നവംബർ 07 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫാർമസി ലാസ്റ്റ് ആൻഡ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് (2016 നു മുൻപുള്ള അഡ്മിഷൻ, 2016 അഡ്മിഷൻ) ഏപ്രിൽ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 27 വരെ അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.



# പുതിയ വിപുലീകരണ പദ്ധതികളുമായി ആംവേ ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ വിപണി സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി പുതിയ വിപുലീകരണ പദ്ധതികളുമായി ആംവേ ഇന്ത്യ. ബിസിനസ് വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുരുഗ്രാമിൽ കമ്പനിയുടെ പുതിയ എക്സ്പീരിയൻസ് സെന്റർ ഉദ്ഘാടനം ചെയ്തു. നഗര സന്ദർശന വേളയിൽ ആംവേ ഗ്ലോബൽ പ്രസിഡന്റും സിഇഒയുമായ മൈക്കൽ നെൽസൺ ആണ് സ്റ്റോർ നാടിന് സമർപ്പിച്ചത്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 100 കോടി രൂപയുടെ നിക്ഷേപ പദ്ധതിയുടെ ഭാഗമായാണ് ഈ വിപുലീകരണം. അടുത്ത ഘട്ടമായി പൂനെയിലും പുതിയ സ്റ്റോർ ആരംഭിക്കും.

വിതരണക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപെടാനും പ്രാദേശിക സമൂഹം കെട്ടിപ്പടുക്കാനുമായി പ്രത്യേക പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനൊപ്പം ആംവെയുടെ പോർട്ട്ഫോളിയോയും ബ്രാൻഡ് അനുഭവവും ഉപഭോക്താക്കളിലേക് എത്തിക്കുകയാണ് പുതിയ സ്റ്റോറുകൾ തുടങ്ങുന്നതിലൂടെ ലക്ഷ്യമിടുന്നത്.നിലവിലുള്ള 85ലധികം സ്റ്റോറുകൾക്ക് പുറമേയാണിത്. സമീപ മാസങ്ങളിൽ പൂനെ, കൊൽക്കത്ത, സിലിഗുരി, ഇംഫാൽ, അഹമ്മദാബാദ് അടക്കം 14ഓളം പ്രമുഖ നഗരങ്ങളിൽ കമ്പനി പുതിയ സ്റ്റോറുകൾ തുറക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. മെട്രോകൾക്കൊപ്പം ടയർ2, ടയർ3 വിപണികളിലും സന്തുലിതമായ വളർച്ച ഉറപ്പാക്കുകയാണ് ലക്ഷ്യം.

ഇന്ത്യയിൽ ഏകദേശം 30 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ആംവേ, ഉപഭോക്താക്കളുടെ വർധിച്ച വിശ്വാസം, ഉത്തരവാദിത്തപരമായ സംരംഭകത്വം, നൂതനാശയങ്ങൾ, ദീർഘകാല മൂല്യസൃഷ്ടി എന്നിവയിലൂടെ വരും 30 വർഷത്തേക്കും അതിനു ശേഷമുള്ള കാലത്തേക്കും അടിത്തറയൊരുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ആംവേയുടെ ആഗോള വളർച്ചാ യാത്രയിൽ ഇന്ത്യയ്ക്ക് പ്രധാന സ്ഥാനമുണ്ടെന്നും ശാസ്ത്രീയ പിന്തുണയുള്ള ആരോഗ്യക്ഷേമ ഉൽപ്പന്നങ്ങൾക്കാണ് ഇന്ന് ഉപഭോക്താക്കൾ മുൻഗണന നൽകുന്നതെന്നും ആംവേയുടെ പ്രസിഡന്റും സി ഇ ഒ യുമായ മൈക്കൽ നെൽസൺ പറഞ്ഞു.




# രണ്ടാം പാദത്തിൽ യൂണിയൻ ബാങ്കിന് 5,537 കോടി രൂപ അറ്റാദായം

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 2026 സെപ്റ്റംബർ 30ന് അവസാനിച്ച രണ്ടാം പാദത്തിൽ 5,537 കോടി രൂപ അറ്റാദായം. ബാങ്കിന്റെ അറ്റാദായം മുൻ പാദത്തിലെ 5,332 കോടി രൂപയിൽനിന്ന് 3.84 ശതമാനം വർധിച്ചു. പലിശ വരുമാനം 28,158 കോടി രൂപയായി. ബാങ്കിന്റെ മൊത്തം ബിസിനസ് വാർഷികാടിസ്ഥാനത്തിൽ 12.01 ശതമാനം വളർന്ന് 24.75 ലക്ഷം കോടി രൂപയിലെത്തി. മൊത്തം വായ്പകൾ 18.53 ശതമാനം വർധിച്ച് 11.56 ലക്ഷം കോടി രൂപയായപ്പോൾ നിക്ഷേപം 6.87 ശതമാനം ഉയർന്ന് 13.19 ലക്ഷം കോടി രൂപയായി.

ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള (എംഎസ്എംഇ) വായ്പകൾ 22.39 ശതമാനവും റീട്ടെയിൽ വായ്പകൾ 11.24 ശതമാനവും വളർന്നു. റീട്ടെയിൽ, കാർഷികം, എംഎസ്എംഇ വിഭാഗങ്ങളിലെ മൊത്തം വായ്പാവളർച്ച 14.65 ശതമാനമാണ്. ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി (ഗ്രോസ് എൻപിഎ) 2.42 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തിസ്തി (നെറ്റ് എൻപിഎ) 0.42 ശതമാനമായും കുറഞ്ഞു. മൂലധന പര്യാപ്തതാ അനുപാതം 17.94 ശതമാനമാണ്. ആസ്തികളിലെ വരുമാനം 1.38 ശതമാനവും ഓഹരി മൂലധനത്തിലെ വരുമാനം 17.21 ശതമാനവുമാണ്. രണ്ടാം പാദത്തിൽ യൂണിയൻ നാരി ശക്തി പദ്ധതിയിലൂടെ വനിതാ സംരംഭകരുടെ 1,995 അപേക്ഷകൾക്ക് 346 കോടി രൂപയുടെ വായ്പ അനുവദിച്ചതായും ബാങ്ക് അറിയിച്ചു.

## എഐ കാലത്ത് സൈബർ ഭീഷണികൾ വർധിക്കുന്നു; ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ ടാറ്റ എഐജിയുടെ മുന്നറിയിപ്പ്

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അഥവാ എഐ സാങ്കേതികവിദ്യയുടെ കടന്നുവരവോടെ സൈബർ ആക്രമണ ഭീഷണികൾ അതിവേഗം വർധിക്കുന്ന സാഹചര്യത്തിൽ, ബിസിനസ് സ്ഥാപനങ്ങൾ തങ്ങളുടെ സൈബർ സുരക്ഷയും ഇൻഷുറൻസ് പരിരക്ഷയും അടിയന്തരമായി വിലയിരുത്തണമെന്ന് ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് മുന്നറിയിപ്പ് നൽകി. സൈബർ ബോധവൽക്കരണ മാസത്തിൻറെ ഭാഗമായാണ് കമ്പനി ഈ നിർദേശം നൽകുന്നത്.

സാമ്പത്തിക ബാധ്യതകൾക്കും പ്രകൃതിദുരന്തങ്ങൾക്കും നൽകുന്ന അതേ പ്രാധാന്യം സൈബർ ഭീഷണികൾക്കും നൽകണമെന്നും സൈബർ ഇൻഷുറൻസ് പരിരക്ഷ ശക്തമാക്കണമെന്നും കമ്പനി ഇന്ത്യൻ കോർപ്പറേറ്റുകളോട് ആവശ്യപ്പെട്ടു. പൊതുവായ എഐ ടൂളുകൾ വഴി രഹസ്യവിവരങ്ങൾ ചോരുന്നതും ഫാക്ടറികളുടെ പ്രവർത്തനം നിലച്ച് വിതരണ ശൃംഖലയെ ബാധിക്കുന്ന ഹാക്കിംഗുകളും വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ മുന്നറിയിപ്പ്.

ഇന്ത്യയുടെ ഡിജിറ്റൽ വ്യക്തിഗത വിവര സംരക്ഷണ നിയമവും ആഗോളതലത്തിൽ മാറിക്കൊണ്ടിരിക്കുന്ന സ്വകാര്യതാ മാനദണ്ഡങ്ങളും ബിസിനസ് സ്ഥാപനങ്ങളുടെ നിയമപരമായ ഉത്തരവാദിത്തം വർധിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ബാങ്കിംഗ്, ഇൻഷുറൻസ്, ആരോഗ്യ പരിപാലന മേഖലകളിൽ വലിയ തോതിൽ ഉപഭോക്താക്കളുടെ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനാൽ സുരക്ഷാ വീഴ്ചകൾ വലിയ ബാധ്യതകൾക്ക് കാരണമാകും.

ഒരു ദശാബ്ദം മുമ്പ് സൈബർ ഭീഷണികൾ നേരിട്ട അതേ വഴിത്തിരിവിലാണ് ഇന്ന് എഐയുമായി ബന്ധപ്പെട്ട റിസ്ക്കുകളുള്ളതെന്ന് ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് ലയബിലിറ്റി ലൈൻസ് നാഷണൽ ഹെഡ് നജ്മ് ബിൽഗ്രാമി പറഞ്ഞു. നിലവിലുള്ള ഇൻഷുറൻസ് പോളിസികൾക്ക് കീഴിൽ എഐയുമായി ബന്ധപ്പെട്ട നഷ്ടങ്ങൾക്ക് സ്വാഭാവികമായി പരിരക്ഷ ലഭിക്കുമെന്ന് സ്ഥാപനങ്ങൾ കരുതരുതെന്നും, തങ്ങളുടെ പരിരക്ഷയുടെ വ്യാപ്തിയെക്കുറിച്ച് കൃത്യമായി ചോദിച്ചറിയണമെന്നും അദ്ദേഹം വ്യക്തമാക്കി.

എഐയുടെ ഉപയോഗം സൈബർ ആക്രമണകാരികൾക്ക് കൂടുതൽ ആധുനികമായ ഉപകരണങ്ങൾ നൽകുന്നതിനൊപ്പം കോർപ്പറേറ്റ് രംഗത്ത് വലിയ നിയമ നടപടികൾക്കും കാരണമാകുന്നുണ്ട്. എഐ നിക്ഷേപങ്ങളിലെ പരാജയങ്ങൾ, വിവേചനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രൊഫഷണൽ ഇൻഡെംനിറ്റി ക്ലെയിമുകൾ വരുംകാലങ്ങളിൽ വർധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇത് മുന്നിൽക്കണ്ട് ടാറ്റ എഐജി തങ്ങളുടെ നിലവിലെ പോളിസികളിൽ എഐ അടിസ്ഥാനമാക്കിയുള്ള റിസ്ക് അസസ്മെൻറ് ഉൾപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്.

## കേരളത്തിലെ സെവൻസ് ഫുട്ബോളിന്റെ ആഗോള പ്രചാരണത്തിന് സ്പോർട്വോട്ടുമായി കൈകോർത്ത് എസ്എഫ്എ

**കൊച്ചി:** കേരളത്തിലെ സെവൻസ് ഫുട്ബോളിന്റെ ആഗോള പ്രചാരണത്തിനായി സെവൻസ് ഫുട്ബോൾ അസോസിയേഷൻ (എസ്എഫ്എ), സ്പോർട്വോട്ടുമായി കൈകോർക്കുന്നു. 2026 സീസണിലെ അസോസിയേഷന്റെ 13 ടൂർണമെന്റുകളുടെ ഔദ്യോഗിക തത്സമയ ദൃശ്യനിർമാണ, സ്ട്രീമിങ്, വിതരണ പങ്കാളിയായി സ്പോർട്വോട്ട് പ്രവർത്തിക്കും. മൾട്ടികൃാമറ സംവിധാനവും മികച്ച ഗ്രാഫിക്സും ഉപയോഗിച്ച് മത്സരങ്ങൾ സ്പോർട്വോട്ട് ആപ്പിലൂടെ മാത്രമായിരിക്കും എക്സ്ക്ലൂസീവായി സംപ്രേഷണം ചെയ്യുക. ചാപ്റ്റർ വൺ സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറും സഹസ്ഥാപകനുമായ അർണോൾഡ് വിൽസന്റെ പിന്തുണയോടെയാണ് ഈ സുപ്രധാന സഹകരണം യാഥാർഥ്യമായത്. കേരളത്തിൽ വൻ ജനപ്രീതിയുള്ള സെവൻസ് ഫുട്ബോളിന് മുൻപ് ഡിജിറ്റൽ, ടെലിവിഷൻ സംപ്രേഷണ രംഗങ്ങളിൽ അർഹമായ പരിഗണന ലഭിച്ചിരുന്നില്ല. ഗ്രൗണ്ടിലെത്താൻ കഴിയാത്ത ആരാധകർക്ക് മത്സരങ്ങൾ കാണാനും, കളിക്കാർക്കും ക്ലബ്ബുകൾക്കും അർഹമായ ദൃശ്യപരത ലഭിക്കാനും ഉള്ള തടസ്സങ്ങൾ മാറ്റുകയാണ് ഈ പങ്കാളിത്തത്തിന്റെ പ്രധാന ലക്ഷ്യമെന്ന് സ്പോർട്വോട്ട് സഹസ്ഥാപകയും ചീഫ് മാർക്കറ്റിങ് ഓഫീസറുമായ ശുഭാംഗി ഗുപ്ത പറഞ്ഞു. അസോസിയേഷന്റെ ടൂർണമെന്റുകളെ പ്രൊഫഷണൽ നിലവാരത്തിലേക്ക് ഉയർത്താനും ലോകമെമ്പാടുമുള്ള ആരാധകരിലേക്ക് എത്തിക്കാനും ഈ സഹകരണം സഹായിക്കുമെന്ന് സെവൻസ് ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് കെ.എം.ലെനിൻ വ്യക്തമാക്കി. കായിക മേഖലയിലെ ഡിജിറ്റൽ പരിവർത്തനത്തിന് വഴിതുറക്കുന്ന ഈ ചുവടുവയ്പ്പ് കളിക്കാർക്ക് കൂടുതൽ അംഗീകാരവും കായികരംഗത്തിന് സാമ്പത്തിക വളർച്ചയും നേടിക്കൊടുക്കുമെന്ന് സെവൻസ് ഫുട്ബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി അഷ്റഫ് ബാവ അഭിപ്രയപ്പെട്ടു.




# കുട്ടികളുടെ വളർച്ചയും വികാസവും അറിയാൻ സൗജന്യ ആപ്പുമായി പ്രയത്ന

**കൊച്ചി:** ലോക ഒക്യുപ്പേഷണൽ തെറാപ്പി ദിനാചരണത്തിന്റെ ഭാഗമായി പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ് സംഘടിപ്പിച്ച 'ഒപ്പം' പരിപാടിയിൽ, കുട്ടികളുടെ വളർച്ചാ വികാസ ഘട്ടങ്ങൾ വിലയിരുത്തുന്നതിനുള്ള സൗജന്യ മൊബൈൽ ആപ്ലിക്കേഷനായ 'കിഡ്സൈറ്റ്' പുറത്തിറക്കി. ഒബറോൺ മാളിൽ നടന്ന ചടങ്ങിൽ കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി. കെ. മിനിമോൾ ആപ്പ് ഉദ്ഘാടനം ചെയ്തു. കുട്ടികളിലെ വളർച്ചാ വ്യതിയാനങ്ങളും ഡിസബിലിറ്റീസും നേരത്തെ മനസ്സിലാക്കി കൃത്യസമയത്ത് പിന്തുണയും പരിചരണവും ഉറപ്പാക്കാൻ 'കിഡ്സൈറ്റ്' ആപ്പിലൂടെ സാധിക്കുമെന്ന് മേയർ പറഞ്ഞു. കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള ശാരീരികമാനസിക വളർച്ച നേരിട്ട് മനസ്സിലാക്കാനും പ്രാഥമിക പരിശോധനകൾ നടത്താനും മാതാപിതാക്കളെ സഹായിക്കുന്ന രീതിയിലാണ് ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആൻഡ്രോയിഡ്, ഐഒഎസ് പ്ലാറ്റ്ഫോമുകളിൽ ഇത് സൗജന്യമായി ലഭ്യമാണ്.പ്രയത്ന സ്ഥാപകനും ചെയർമാനുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി അധ്യക്ഷത വഹിച്ചു. കൗൺസിലർ ഷിബി സോമൻ, ഒബറോൺ മാൾ സെന്റർ മാനേജർ മോനു നായർ തുടങ്ങിയവർ സംബന്ധിച്ചു. പരിപാടിയുടെ ഭാഗമായി ഒക്യുപ്പേഷണൽ തെറാപ്പി അധിഷ്ഠിത പ്രത്യേക സ്റ്റാളുകളും കുട്ടികൾക്കായുള്ള വിനോദ മത്സരങ്ങളും സംഘടിപ്പിച്ചു.




# ഇരട്ട ഗിന്നസ് റെക്കോർഡ് നേടി ജോയ് ആലുക്കാസിന്റെ കൂറ്റൻ മയൂര സഹസ്ര കമ്മലുകൾ

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലുതും ഭാരമേറിയതുമായ സ്വർണക്കമ്മലുകൾ നിർമിച്ച് ഇരട്ട ഗിന്നസ് റെക്കോർഡ് നേടി ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ്. 22 കാരറ്റ് സ്വർണത്തിൽ നിർമിച്ച കമ്മലുകളുടെ ആകെ തൂക്കം 16.514 കിലോഗ്രാമാണ്. ഇന്ത്യൻ മയിലിന്റെ സൗന്ദര്യത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപകൽപ്പന ചെയ്ത കമ്മലുകൾക്ക് 'ആയിരം മയിലുകൾ' എന്ന അർഥം വരുന്ന 'മയൂര സഹസ്ര' എന്നാണ് പേരിട്ടിരിക്കുന്നത്. പരമ്പരാഗത ജിമിക്കി ശൈലിയിലുള്ള കമ്മലുകൾ 55 കലാകാരന്മാർ 5,840 മണിക്കൂറിലധികം സമയമെടുത്താണ് നിർമിച്ചത്. കമ്മലുകൾ ദുബായ് ഗോൾഡ് ഡിസ്ട്രിക്ടിലെ ജോയ്ആലുക്കാസിന്റെ 'ജ്യുവൽ ഓഫ് ജോയ്' ഷോറൂമിൽ പ്രദർശിപ്പിച്ചു.

മുൻ ലോക റെക്കോഡിനേക്കാൾ അഞ്ചിരട്ടിയിലധികം ഭാരമാണ് 'മയൂര സഹസ്ര' കമ്മലുകൾക്കുള്ളത്. യുഎഇ സാമ്പത്തിക-ടൂറിസം മന്ത്രി അബ്ദുല്ല ബിൻ തൗഖ് അൽ മർറി കമ്മലുകൾ അനാഛാദനം ചെയ്തു. ഗിന്നസ് വേൾഡ് റെക്കോർഡ്സ് പ്രതിനിധി രണ്ട് റെക്കോർഡുകൾക്കുമുള്ള സർട്ടിഫിക്കറ്റുകൾ ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസിനും ജോയ്ആലുക്കാസ് ജ്വല്ലറി സി.ഇ.ഒ ജോൺ പോൾ ആലുക്കാസിനും കൈമാറി. ദുബായ് നഗരത്തിനുള്ള ആദരമാണ് ഈ കമ്മലെന്നും, നിർമാണ പ്രവർത്തനത്തിൽ പങ്കാളികളായ ജീവനക്കാർക്കായി റെക്കോർഡ് സമർപ്പിക്കുന്നെന്നും ജോയ് ആലുക്കാസ് പറഞ്ഞു.

കമ്മലുകൾ വിൽപ്പനയ്ക്കുള്ളതല്ലെങ്കിലും, ദുബായ് ഗോൾഡ് ഡിസ്ട്രിക്ടിലെ ഷോറൂമിൽ സ്ഥിരമായി പ്രദർശിപ്പിക്കും. രാവിലെ 10 മുതൽ രാത്രി 10 വരെ സൗജന്യമായി കാണാൻ അവസരമൊരുക്കിയിട്ടുണ്ടെന്ന് കമ്പനി അറിയിച്ചു.




# യശ്‌രാജ് മുഖാത്തെയുടെ സംഗീതാവിഷ്കാരത്തിൽ നെറോലാക് പരസ്യഗാനം വീണ്ടും

**മുംബൈ:** മൂന്ന് പതിറ്റാണ്ടിലേറെയായി ഇന്ത്യൻ വീടുകളിൽ പരിചിതമായ കാൻസായ് നെറോലാക് പെയിന്റ്സിന്റെ 'ജബ് ഘർ കി റൗനക് ബഢാനി ഹോ' എന്ന പരസ്യഗാനത്തിന് ദീപാവലിയോടനുബന്ധിച്ച് പുതിയ സംഗീതാവിഷ്കാരം ഒരുക്കി.

സംഗീത നിർമാതാവും സോഷ്യൽ മീഡിയ താരവുമായ യശ്‌രാജ് മുഖാത്തെയാണ് ഗാനത്തിന് പുതുമയേകിയത്. പഴയ ഗാനത്തിന്റെ ഗൃഹാതുരത്വം നിലനിർത്തിക്കൊണ്ട് പുതിയ തലമുറയെയും ആകർഷിക്കുന്ന രീതിയിലാണ് ഈ പതിപ്പ് ഒരുക്കിയിരിക്കുന്നത്.

ദീപാവലിക്കായി വീടുകൾ നിറങ്ങളിലും വെളിച്ചത്തിലും അലങ്കരിക്കുന്നതും കുടുംബബന്ധങ്ങളും ആഘോഷങ്ങളും പ്രമേയമാക്കിയുള്ളതാണ് പുതിയ പരസ്യചിത്രം. ഓരോ തലമുറയ്ക്കും അനുയോജ്യമായ രീതിയിൽ ഗാനത്തെ പുനരാവിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ പതിപ്പെന്ന് കാൻസായ് നെറോലാക് പെയിന്റ്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ രാംകൃഷ്ണ നായിക് പറഞ്ഞു.

# സിബിജി പദ്ധതികൾക്ക് ഉണർവേകാൻ ശിൽപശാല സംഘടിപ്പിച്ച് ബിപിസിഎൽ

**കൊച്ചി/മുംബൈ:** മഹാരാഷ്ട്രയിലെ കംപ്രസ്ഡ് ബയോഗ്യാസ് (സിബിജി) പദ്ധതികൾ വേഗത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ്, (ബിപിസിഎൽ) കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം, മഹാരാഷ്ട്ര സർക്കാർ എന്നിവയുമായി സഹകരിച്ച് ശിൽപശാല സംഘടിപ്പിച്ചു. സിബിജി പദ്ധതികൾ വേഗത്തിലാക്കാൻ ആവശ്യമായ നയരൂപീകരണം, ഭരണനിർവഹണ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ വിഷയങ്ങൾക്ക് 'വേസ്റ്റ് ടു വെൽത്ത് സ്കേലിംഗ് ഗോബർധൻ' ശിൽപശാലയിൽ ഊന്നൽ നൽകി.

മഹാരാഷ്ട്ര ചീഫ് സെക്രട്ടറി രാജേഷ് അഗർവാൾ, നഗരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ.എച്ച്. ഗോവിന്ദ് രാജ്, പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം ഡയറക്ടർ വികാസ് സിങ്, ഡെപ്യൂട്ടി സെക്രട്ടറി യാഷിക മേത്ത, ബിപിസിഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സഞ്ജയ് ഖന്ന, മാർക്കറ്റിംഗ് ഡയറക്ടർ സുഭങ്കർ സെൻ, ഫിനാൻസ് ഡയറക്ടർ വി.ആർ.കെ. ഗുപ്ത തുടങ്ങിയ പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

മഹാരാഷ്ട്ര സർക്കാരിലെയും കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിലെയും മുതിർന്ന ഉദ്യോഗസ്ഥർക്ക് പുറമെ സെന്റർ ഫോർ ഹൈ ടെക്നോളജി , എണ്ണവാതക വിപണന കമ്പനികൾ, സിറ്റി ഗ്യാസ് വിതരണ കമ്പനികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സിബിജി ഡെവലപ്പർമാർ, സാമ്പത്തിക സ്ഥാപനങ്ങൾ, കർഷക സംഘടനകൾ എന്നിവയുടെ പ്രതിനിധികളും ശിൽപശാലയിൽ പങ്കെടുത്തു.

കൃഷിനഗര മാലിന്യങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തുന്നത് മഹാരാഷ്ട്രയിലെ സിബിജി പദ്ധതികൾക്കും കേന്ദ്ര സർക്കാരിന്റെ 'ഗോബർധൻ' ദൗത്യത്തിനും കൂടുതൽ വേഗം പകരുമെന്ന് ചീഫ് സെക്രട്ടറി രാജേഷ് അഗർവാൾ ചൂണ്ടിക്കാട്ടി. നയങ്ങളെയും ആശയങ്ങളെയും പ്രായോഗിക പദ്ധതികളാക്കി മാറ്റി സംസ്ഥാനത്തിന്റെ ഹരിത ഭാവിയിലേക്ക് വഴിതുറക്കുകയാണ് ശിൽപശാലയിലൂടെ ലക്ഷ്യമിടുന്നതെന്ന് ബിപിസിഎൽ സിഎംഡി സഞ്ജയ് ഖന്ന പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com